പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2798 09.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് ഇതര വരുമാനം

ചോദ്യം

ശ്രീ.സി. ദിവാകരൻ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2016-17 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് ലഭിച്ച ടിക്കറ്റ് ഇതര വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | ടിക്കറ്റേതര വരുമാനത്തിൽ സ്ക്രാപ്പ് ബസ്സുകൾ, സ്ക്രാപ്പ് മെറ്റീരിയൽസ്, സ്ക്രാപ്പ് ബാറ്ററി, സ്ക്രാപ്പ് ടയറുകൾ, വേസ്റ്റ് ഓയിൽ എന്നിവയുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനം ഉൾപ്പെടുന്നു. 01.04.2016 മുതൽ 31.03.2017 വരെ സ്ക്രാപ്പ് സാധനങ്ങൾ ലേലം ചെയ്ത വകയിൽ 6,48,47,166/- രൂപ ലഭ്യമായിട്ടുണ്ട്.<br>കെ. എസ്. ആർ. ടി. സിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലെ മരങ്ങളിൽ നിന്നുള്ള കായ് ഫലങ്ങൾ പൊതു ലേലം ചെയ്തതിൽ നിന്ന് 01.04.2016 മുതൽ 31.03.2017 വരെ ആകെ 1,97,993/- രൂപ ലഭിച്ചിട്ടുണ്ട്.<br>2016-17 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യുടെ സ്റ്റാളുകൾ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ ലൈസൻസ് ഫീയിനത്തിൽ വരുമാനമായി 1,72,79,414/-രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും പ്രതി മാസ ലൈസൻസ് ഫീസ് ആയി 15,18,969/- രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ